# ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
ഗവേഷണ സ്ഥാപനം

ജനുവരി- ഫെബ്രുവരി 2023 | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | മുണ്ടൂർ, പാലക്കാട് | "ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്"


## വാണിയംകുളത്ത് ടേക്ക്-എ-ബ്രേക്ക്
### മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു



ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

വാണിയംകുളത്ത് ഐ.ആർ.ടി.സി.യുടെ സാങ്കേതികസഹായത്തോടെ പൂർത്തിയാക്കിയ വഴിയോര വിശ്രമകേന്ദ്രം 'ടേക്ക് എ ബ്രേക്ക്' (Take A Break) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു. വാഹനത്തിരക്കേറിയ പട്ടാമ്പി-പാലക്കാട് സംസ്ഥാനപാതയിലാണ് വാണിയംകുളം അങ്ങാടി സ്ഥിതിചെയ്യുന്നത്. ഈ പാതയിലെ യാത്രക്കാർക്ക് വലിയ ആശ്വാസമാകും പുതുതായി ആരംഭിച്ച ടേക്ക് എ ബ്രേക്ക്. ജനുവരി 27 ന് വാണിയംകുളം ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് നടന്ന ചടങ്ങിൽ നിരവധി സാമൂഹിക-സാംസ്കാരിക പ്രവർത്തകർ പങ്കെടുത്തു. രജിസ്ട്രാർ പി. മുരളീധരൻ ഐ.ആർ.ടി.സി.യെ പ്രതിനിധീകരിച്ച് ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

വാണിയംകുളം ഗ്രാമപഞ്ചായത്തിൽ മിനി എം.സി.എഫ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയും ഐ.ആർ.ടി.സി.യുടെ സാങ്കേതിക സഹായത്തോടെ പൂർത്തീകരിക്കാനായി. ഇവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. മാലിന്യസംസ്കരണ രംഗത്ത് മാതൃകാപരമായി ഇടപെടുന്ന സ്ഥാപനമാണ് ഐ.ആർ.ടി.സി. എന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ലോകശ്രദ്ധയാകർഷിച്ച ഗുരുവായൂരിലെയും കുന്ദംകുളത്തെയും മാലിന്യസംസ്കരണ പ്ലാന്റിന്റെ രൂപീകരണത്തിലും നടത്തിപ്പിലും മുഖ്യ പങ്കുവഹിച്ച ഐ.ആർ.ടി.സി.യെ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.

## ഗ്ലോബൽ എക്സ്പോയിൽ ശ്രദ്ധനേടി ഐ.ആർ.ടി.സി. പ്രദർശനം
### ശ്രദ്ധേയമായി 'മലംഭൂതം'

സംസ്ഥാന ശുചിത്വ മിഷൻ സംഘടിപ്പിച്ച ഗ്ലോബൽ എക്സ്പോ 2023-ൽ ഐ.ആർ.ടി.സി. പ്രദർശനശാല ഏറെ ശ്രദ്ധിക്കപ്പെട്ടു. 2023 ഫെബ്രുവരി 4 മുതൽ 6 വരെ എറണാകുളം മറൈൻഡ്രൈവിലാണ് എക്സ്പോ സംഘടിപ്പിച്ചത്.

കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും എക്സ്പോയുടെ ഭാഗമായി. മേളയ്ക്കെത്തിയവർക്ക് ഐ.ആർ.ടി.സി.യുടെ നേതൃത്വത്തിൽ നടന്നുവരുന്ന മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ കണ്ട് മനസിലാക്കാനുള്ള അവസരം കൂടിയായി മാറി.

ശുചിത്വ മിഷന്റെ Fecal Sludge Management (FSM Campaign) ലക്ഷ്യമിട്ടുള്ള 'മലംഭൂതം' ക്യാമ്പയിനിന്റെ ഭാഗമായി തയ്യാറാക്കിയ പ്രദർശനശാലയും ഐ.ആർ.ടി.സി.യുടെ നേതൃത്വത്തിലാണ് സജ്ജീകരിച്ചത്. ഖര-ദ്രവ മാലിന്യ സംസ്കരണത്തിൽ




ശുചിത്വമിഷൻ സംഘടിപ്പിച്ച ഗ്ലോബൽ എക്സ്പോയിൽ സജ്ജീകരിച്ച ഐ.ആർ.ടി.സി. സ്റ്റാൾ

കേരള സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസി കൂടിയാണ് നിലവിൽ ഐ.ആർ.ടി.സി.



'മലംഭൂതം' ക്യാമ്പയിനിന്റെ ഭാഗമായി ശുചിത്വമിഷനു വേണ്ടി ഐ.ആർ.ടി.സി. സജ്ജീകരിച്ച പ്രദർശനം



സയൻസ് കോൺഗ്രസിന്റെ ഭാഗമായി നടന്ന എക്സിബിഷൻ

## സയൻസ് കോൺഗ്രസ്

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന കേരള സയൻസ് കോൺഗ്രസിലെ എക്സിബിഷനിൽ ഐ.ആർ. ടി.സി. പ്രദർശനശാല സജ്ജീകരിച്ചു. 2023 ഫെബ്രുവരി 11 മുതൽ 14 വരെ ഇടുക്കി ജില്ലയിലെ കുട്ടിക്കാനം എഞ്ചിനിയറിങ് കോളേജിലാണ് സയൻസ് കോൺഗ്രസ് നടന്നത്.

# ഇനോക്കുലം ബ്രിക്കറ്റ്

## മന്ത്രി എം.ബി. രാജേഷ് പ്രകാശനം ചെയ്തു

ഐ.ആർ.ടി.സി വികസിപ്പിച്ച കയർ പിത്ത് ഇനോക്കുലം ബ്രിക്കറ്റ് തിരുവനന്തപുരത്ത് തദ്ദേശവകുപ്പ മന്ത്രി എം. ബി. രാജേഷ് പ്രകാശനം ചെയ്തു. സെക്രട്ടറിയേറ്റിൽ സംഘടിപ്പിച്ച കേരള ഇന്നവേഷൻ ഡവലപ്മെന്റ് കൗൺസിലിന്റെ പ്രത്യേക യോഗത്തിലാണ് മന്ത്രി പുതിയ ഉൽപന്നം പ്രകാശനം ചെയ്തത്.



ഐ.ആർ.ടി.സി. വികസിപ്പിച്ചെടുത്ത ഇനോക്കുലം ബ്രിക്കറ്റ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പ്രകാശനം ചെയ്യുന്നു

ഗാർഹിക മാലിന്യ കമ്പോസ്റ്റിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇനോക്കുലം ബ്രിക്കറ്റ് സഹായകമാകും. കെ-ഡിസ്ക് സെക്രട്ടറി ഡോ. പി. വി. ഉണ്ണികൃഷ്ണൻ, ഐ.ആർ.ടി.സി ചെയർമാൻ ബി. രമേശ്, രജിസ്ട്രാർ പി. മുരളീധരൻ, പി.വി. ദിവാകരൻ, പി.വി. ജോസഫ്, ഡോ. പി.എൻ. ദാമോദരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. K-DISC ന്റെ സഹായത്തോടെയുള്ള ഗവേഷണ-ഉൽപാദന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഇനോക്കുലം ചേർത്ത കയർ പിത്ത് ബ്രിക്കറ്റ് ഉൽപാദിപ്പിച്ചു തുടങ്ങിയത്.

# മൈക്രോബിയൽ കൺസോർഷ്യം അഥവാ ഇനോക്കുലം

കമ്പോസ്റ്റിംഗിൽ, ജൈവവസ്തുക്കളെ വിഘടിപ്പിക്കുന്നതിന് മൈക്രോബിയൽ കൺസോർഷ്യം അഥവാ സൂക്ഷ്മാണുക്കൂട്ട് അത്യാവശ്യമാണ്. കമ്പോസ്റ്റിംഗ് പ്രക്രിയയിൽ ജൈവവസ്തുക്കളുടെ എയറോബിക് വിഘടനം സൂക്ഷ്മാണുക്കൾ വഴി സുഗമവും വേഗത്തിലുമാക്കുന്നു. സങ്കീർണമായ ജൈവ സംയുക്തങ്ങളെ കാർബൺ ഡൈ ഓക്സൈഡ്, വെള്ളം, ഹ്യൂമസ് തുടങ്ങിയ ലളിതമായ സംയുക്തങ്ങളാക്കി വിഘടിപ്പിക്കാൻ ഈ സൂക്ഷ്മാണുക്കൾ ഒരുമിച്ച് പ്രവർത്തിക്കുന്നു.




ഐ.ആർ.ടി.സി വികസിപ്പിച്ചെടുത്ത പുതിയ ഇനോക്കുലം ബ്രിക്കറ്റ് രൂപത്തിൽ

കമ്പോസ്റ്റിംഗ് പ്രക്രിയക്ക് സാധാരണയായി രണ്ട് ഘട്ടങ്ങൾ ഉണ്ട്. മാലിന്യ കൂമ്പാരത്തിന്റെ താപനില ഏകദേശം 40-45 ഡിഗ്രി സെൽഷ്യസിലേക്ക് ഉയരുന്ന മീസോഫിലിക് ഘട്ടം, ഈ ഘട്ടത്തിൽ ബാക്ടീരിയയും ഫംഗസും അടങ്ങിയ മീസോഫിലിക് സൂക്ഷ്മാണുക്കൾ ഏറ്റവും സജീവമായി പ്രവർത്തിക്കുന്നു. അടുത്തതായി തെർമോഫിലിക് ഘട്ടം, ഇതിൽ താപനില ഏകദേശം 55-60 ഡിഗ്രി സെൽഷ്യസായി ഉയരുകയും ആക്റ്റിനോമൈസെറ്റുകൾ, തെർമോഫിലിക് ബാക്ടീരിയകൾ എന്നിവ അടങ്ങിയ തെർമോഫിലിക് സൂക്ഷ്മാണുക്കൾ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു.

കമ്പോസ്റ്റിംഗിന്റെ ഈ രണ്ട് ഘട്ടങ്ങളിലും, ജൈവ പദാർത്ഥങ്ങളെ വിഘടിപ്പിക്കുന്നതിന് വ്യത്യസ്ത സൂക്ഷ്മാണുക്കൾ കൂട്ടുചേർന്ന് പ്രവർത്തിക്കുന്നു. സങ്കീർണമായ ഓർഗാനിക് തന്മാത്രകളുടെ പ്രാരംഭ വിഘടനത്തിൽ ബാക്ടീരിയകൾ കാരണക്കാരാവുന്നുവെങ്കിൽ, ലിഗ്നിൻ, സെല്ലുലോസ് എന്നിവയെ വിഘടിപ്പിക്കാൻ ഫംഗസ് പ്രധാന പങ്ക് വഹിക്കുന്നു. ആക്റ്റിനോമൈസെറ്റുകൾ, കൂടുതൽ സെല്ലുലോസ് അടങ്ങിയ വസ്തുക്കളെ അടക്കം വിഘടിപ്പിക്കാൻ സഹായിക്കുന്നു.

## ഡോ. എം. ലളിതാംബികയേയും സംഗീത ടി.എസിനേയും ആദരിച്ചു



ശ്രീകിഷൻ മെമ്മോറിയൽ അവാർഡ് നേടിയ ഐ.ആർ.ടി.സി ശാസ്ത്രജ്ഞ ഡോ. എം. ലളിതാംബികയെ ഐ.ആർ.ടി.സി ജീവനക്കാരും കളിമൺപാത്ര നിർമാണ തൊഴിലാളികളും ചേർന്ന് ആദരിച്ചു.



കോഴിക്കോട് സർവകലാശാലാ കായികമേളയിൽ 20 കിലോമീറ്റർ നടത്തത്തിൽ ഒന്നാം സ്ഥാനം നേടിയ സംഗീത ടി.എസിനെ ഐ.ആർ.ടി.സി ജീവനക്കാരും പരിഷദ് യൂണിറ്റും ചേർന്ന് അനുമോദിച്ചു. സംഗീതയ്ക്ക് ഐ.ആർ.ടി.സി. സ്ഥാപനങ്ങളുടെ ഉപഹാരവും നൽകി.

## GIS-KILA പരിശീലന പരിപാടി

ഐ.ആർ.ടി.സി. കിലയുമായി സഹകരിച്ച് നടത്തുന്ന പരിശീലന പരിപാടിയുടെ 26 ബാച്ചുകൾ സമാപിച്ചു. "പ്രാദേശികാസൂത്രണത്തിൽ ജിയോസ്പേഷ്യൽ സാങ്കേതികവിദ്യയുടെ പ്രായോഗികത" എന്ന വിഷയത്തിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. മുൻനിശ്ചയ പ്രകാരം 30 ബാച്ചുകളാണ് പരിശീലന പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കാൻ തീരുമാനിച്ചത്. ഇതിനോടകം 350-ലധികം തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥരും ജനപ്രതിനികളുമാണ് പരിശീലനം നേടി പുറത്തിറങ്ങിയത്.

## കേരള പദയാത്രയിൽ പങ്കാളികളായി

ശാസ്ത്രം ജനനന്മക്ക്, ശാസ്ത്രം നവകേരളത്തിന്' എന്ന മുദ്രാവാക്യവുമായി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംഘടിപ്പിക്കുന്ന പദയാത്രയിൽ ഐ.ആർ. ടി.സി.- പി.പി.സി.- പി.ഐ.യു. ജീവനക്കാരും പങ്കാളികളായി. പാലക്കാട് ജില്ലയിൽ ഫെബ്രുവരി 11,12 ദിവസങ്ങളിൽ ളുത മുതൽ ഷൊർണ്ണൂർ വരെയായിരുന്നു പദയാത്ര. മുതിർന്ന മാധ്യമ പ്രവർത്തകൻ കെ.ജെ.



ജേക്കബ് ജാഥാ ക്യാപ്റ്റനായിരുന്നു. ഫെബ്രുവരി 28ന് തിരുവനന്തപുരം ഗാന്ധി പാർക്കിൽ നടന്ന സമാപന സമ്മേളനം പ്രമുഖ മാധ്യമ പ്രവർത്തകൻ പി. സായ് നാഥ് ഉദ്ഘാടനം ചെയ്തു.




## കൊരട്ടി ഗ്രാമപഞ്ചായത്തിന് ബഹുമതി

ആദ്യമായി ക്യൂആർ കോഡിംഗ് പൂർത്തിയാക്കിയ പഞ്ചായത്ത് എന്ന ബഹുമതി കൊരട്ടി ഗ്രാമപഞ്ചായത്തിന് ലഭിച്ചു. കിലയിൽ വച്ചു നടന്ന ഹരിതകർമസേനയുടെ ശില്പശാലയിൽ വച്ച് പ്രസിഡന്റ് പി.സി. ബിജു, അസിസ്റ്റന്റ് സെക്രട്ടറി ഉഷ ദേവി, സാമ്പത്തിക വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ അഡ്വ. കെ. ആർ. സുമേഷ്, ഐ.ആർ.ടി.സി. കോർഡിനേറ്റർ രമ്യ എം. ആർ., VEO ജിജു, ഹരിതകർമസേന ഭാരവാഹികൾ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

# നബാർഡ്-കെ.എഫ്.ഡബ്ല്യു. സോയിൽ പ്രൊജക്റ്റ് അവസാന ഘട്ടത്തിലേക്ക്

നബാർഡിന്റെ KfW സോയിൽ പ്രോജക്റ്റിന്റെ അവസാന ഘട്ടത്തിലേക്ക് കടക്കുമ്പോൾ നീർത്തട സമിതികളുടെ തുടർ പ്രവർത്തനങ്ങളെ കുറിച്ച് ആലോചിക്കുന്നതിനായി സംഘടിപ്പിച്ച എക്സിറ്റ് പ്ലാൻ വർക്ക്ഷോപ്പ് ഡിസംബർ 7 ന് ഐ.ആർ.ടി.സി. സെമിനാർ ഹാളിൽ നടന്നു. ഐ.ആർടി.സി. രജിസ്ട്രാർ പി. മുരളീധരൻ പങ്കെടുത്തു. പ്രകൃതിവിഭവ പരിപാലന വിഭാഗം മേധാവി ആർ. സതീഷ് ശില്പശാലക്ക് നേതൃത്വം നൽകി.

പദ്ധതിയുടെ ഭാഗമായി ഐ.ആർ.ടി.സി. സാങ്കേതികസഹായം നൽകുന്ന എട്ട് നീർത്തടങ്ങളിൽ നിന്നുമുള്ള സമിതി ഭാരവാഹികളും ടെക്നിക്കൽ ടീമും ശില്പശാലയിൽ പങ്കെടുത്തു. പദ്ധതിപൂർത്തീകരണ ശേഷം ഓരോ നീർത്തടസമിതിയും തങ്ങളുടെ നീർത്തടത്തിൽ ഏറ്റെടുത്ത് നടത്താവുന്ന ഭാവി പ്രവർത്തനങ്ങൾ നിർദേശിക്കുകയും ആസൂത്രണം ചെയ്യുകയും ചെയ്തു.



## കാലാവസ്ഥാ വിവരങ്ങൾ ഇനി മൊബൈലിലും

നബാർഡ്-കെ.എഫ്.ഡബ്ല്യു സോയിൽ പ്രൊജക്റ്റിന്റെ ഭാഗമായി കൊന്നക്കൽകടവ്, പൂതനക്കയം നീർത്തടങ്ങൾ സംയുക്തമായി അമ്പിട്ടൻ തരിശിൽ സ്ഥാപിച്ച കാലാവസ്ഥാ കേന്ദ്രത്തിൽ നിന്നുള്ള വിവരങ്ങൾ കർഷകർക്കും പ്രദേശവാസികൾക്കും ലഭ്യമായിത്തുടങ്ങി. MY ACUTITE എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി മൊബൈലിൽ ഈ പ്രദേശത്തെ കാലാവസ്ഥാ വിവരങ്ങൾ ലഭിക്കും. കാലാവസ്ഥയിൽ വരുന്ന മാറ്റങ്ങൾ തത്സമയം ലഭ്യമാകുന്നതിനാൽ ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രദേശത്തെ കൃഷി-കാർഷികാനുബന്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കർഷകർക്ക് സാധിക്കും.

# നബാർഡ്- ടി.ഡി.എഫ്. വാടി പദ്ധതി പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

### പാണപ്പൊയിൽ നവജ്യോതി നഴ്സറി

കോട്ടക്കൽ ആര്യവൈദ്യശാലയുടെ സഹകരണത്തോടെ വാടി പദ്ധതി പ്രദേശമായ നിലമ്പൂർ പാണപ്പൊയിൽ ഊരിലെ നവജ്യോതി ജെ.എൽ. ജി.യുടെ നേതൃത്വത്തിലുള്ള നഴ്സറിയിൽ നിത്യകല്യാണി ഔഷധകൃഷി ആരംഭിച്ചു. ഫെബ്രുവരി 16 ന് ആര്യവൈദ്യശാലയിലെ ഡോക്ടർ. ഗീത എസ്. പിള്ള, ശ്രീമതി. സുധീഷ്ണ കുമാരി എന്നിവർ നടീൽ പ്രവൃത്തികൾക്ക് നേതൃത്വം നൽകി. 1500 ഓളം തൈകളാണ് നഴ്സറിയിൽ നട്ടത്.

### മോണിറ്ററിങ് വിസിറ്റ്

നബാർഡ്-ടി.ഡി.എഫ് വാടി പദ്ധതിയുടെ ഭാഗമായി നബാർഡ് ജനറൽ മാനേജർ ശ്രീ. ആർ. ശങ്കർ നാരായൺ, നബാർഡ് മലപ്പുറം ജില്ലാ മാനേജർ ശ്രീ. മുഹമ്മദ് റിയാസ് എന്നിവർ പദ്ധതിപ്രദേശത്ത് മോണിറ്ററിംഗ് വിസിറ്റ് നടത്തി. ഫെബ്രുവരി 7 ന് രാവിലെ ആരംഭിച്ച സന്ദർശനം വെണ്ണേക്കോട് കോളനിയിൽ നിന്നാരംഭിച്ചു. വെണ്ണേക്കോടിലെ വാടി, ലിഫ്റ്റ് ഇറിഗേഷൻ, പാണപ്പൊയിലിലെ നവജ്യോതി ജെ.എൽ.ജി.യുടെ കാർഷിക നഴ്സറിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടെ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളെല്ലാം നേരിൽ കണ്ട് വിലയിരുത്തി. പദ്ധതിയിലെ ജീവനോപാധി പ്രവർത്തനമായി അനുമതി ലഭിച്ച 5 ഗ്രാസ് കട്ടിംഗ് മെഷീനുകളുടെ വിതരണവും ജനറൽ മാനേജർ നിർവഹിച്ചു. ഐ.ആർ.ടി.സി രജിസ്ട്രാർ ശ്രീ. പി. മുരളീധരൻ മോണിറ്ററിങ് സംഘത്തോടൊപ്പം ഉണ്ടായിരുന്നു.

### പഠനയാത്ര

ചാലിയാർ, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തുകളിലെ വില്ലേജ് ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ പഠനയാത്ര സംഘടിപ്പിച്ചു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയും പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ സാങ്കേതിക സഹായത്തോടെയും ഇടുക്കി ജില്ലയിലെ ഉപ്പുതറയിൽ പ്രവർത്തിക്കുന്ന ഹിൽറേഞ്ച് ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയിലേക്കാണ് ഡിസംബർ 27, 28 തീയതികളിലായി പഠനയാത്ര നടത്തിയത്.




പാണപ്പൊയിൽ ഊരിലെ നവജ്യോതി ജെ.എൽ.ജിയുടെ നഴ്സറി



നബാർഡ് ജനറൽ മാനേജർ ആർ. ശങ്കർ നാരായൺ തൈ നടുന്നു